റിപ്പോർട്ട്

ഫാബി മുജീബ് ആക്കോട്

# പുതുമഴ തേടി ഒത്തുചേർന്നവർ

നിങ്ങൾ മാങ്ങ തിന്നിട്ടുണ്ടോ? - ഉണ്ട്.

എത്ര മാങ്ങ തിന്നു? -അറിയില്ല, ഒരുപാട്.

എത്രപേർ തിന്ന മാങ്ങയണ്ടികൾ കുഴിച്ചിട്ടു?

മറുപടിയില്ല.

കഴിഞ്ഞ തലമുറ നമുക്കുവേണ്ടി നട്ട മാങ്ങയണ്ടികളാണ് ഇന്നത്തെ മാവുകളെങ്കിൽ വരുംതലമുറക്കു വേണ്ടി നാമും അത് ചെയ്യേണ്ടതില്ലേ?

സൽക്കാര വിഭവങ്ങളൊരുക്കി പാടുപെടുന്ന വീട്ടമ്മമാർ, ഫാസ്റ്റ് ഫുഡിനു വേണ്ടി ക്യൂ നിൽക്കുന്നവർ, കുക്കറി ഷോകളിൽ കണ്ട വിഭവങ്ങൾ മത്സരിച്ച് പരീക്ഷിക്കുന്നവർ.... ഇതിനിടക്ക് വിശപ്പിന്റെ വിളിക്കുത്തരം നൽകാനാവാതെ മരണത്തിനു കീഴടങ്ങേണ്ടിവരുന്ന 'ജൂഡു'മാരെക്കുറിച്ച് ചിന്തിക്കാൻ ഇവർക്കാർക്കും സമയമില്ല.

അറിവ് തിരിച്ചറിവിലേക്ക് നയിക്കുന്നതാവണം. പണവും ലാഭവും ലക്ഷ്യംവെച്ചല്ലാതെ സേവനം ചെയ്യാനുള്ള മനസ്സാണ് വേണ്ടത് - അറിവിനോടൊപ്പം തിരിച്ചറിവും പകർന്നു നൽകുന്നതായിരുന്നു ഗേൾസ് ഇസ്‌ലാമിക് ഓർഗനൈസേഷൻ വിദ്യാർഥിനികൾക്കായി നടത്തിയ ടീൻസ് മീറ്റുകൾ.

പരീക്ഷ കഴിഞ്ഞ് വേനലിന്റെ കനത്ത ചൂടിൽ മനസ്സ് വരണ്ടു പോകാതിരിക്കാൻ പ്രകൃതിയിൽനിന്നും അനുഭവങ്ങളിൽനിന്നുമുള്ള അറിവുകളും വിനോദവും ഒരുപിടി നനുത്ത ഓർമകളും പകർന്ന് എല്ലാ വർഷവും ജി.ഐ.ഒ ടീൻസ് മീറ്റുകൾ നടത്തുന്നുണ്ട്. പതിനൊന്ന് ജില്ലകളിൽ പത്തൊൻപതിടങ്ങളിലായി ഏപ്രിൽ പത്തിനും മെയ് പത്തിനുമിടക്ക് നടന്ന ടീൻസ് മീറ്റുകൾ കുട്ടികൾക്ക് വേറിട്ട അനുഭവമായി.

കുഞ്ഞുമനസ്സുകളെ വഴിതെറ്റിക്കുന്ന സാമൂഹിക ചുറ്റുപാടുകളിൽ കാലിടറാതെ മുന്നോട്ടുപോകാനും തങ്ങളുടെ കഴിവുകൾ കാര്യക്ഷമമായി ഉപയോഗിക്കാനും ജിജ്ഞാസ ക്രിയാത്മകമാക്കാനും കഴിയുന്ന രീതിയിലാണ് പരിപാടികൾ ആസൂത്രണം ചെയ്തിരുന്നത്. കൂട്ടായ്മ, പ്രയാണം, ചുവട്, വേനൽമഴ, കൂടാരം, പുതുമഴ തേടി, ജാലകം, വിഷൻ, മഴക്ക് മുമ്പെ, വഴിത്തിരിവ് എന്നീ പേരുകളിലാണ് ടീൻസ് മീറ്റുകൾ സംഘടിപ്പിച്ചത്.

അഴീക്കോട്(തിരുവനന്തപുരം), ഉമയനല്ലൂർ(കൊല്ലം), വടുതല(ആലപ്പുഴ), ഈരാറ്റുപേട്ട(കോട്ടയം), പറവൂർ, മാളിയേക്കൽ, ചാലക്കൽ(എറണാകുളം), പെരുമ്പിലാവ്, വാടാനപ്പള്ളി(തൃശൂർ ), പാലക്കാട്(പാലക്കാട്), വണ്ടൂർ, കൊടിഞ്ഞി, എടയൂർ(മലപ്പുറം), കുറ്റ്യാടി, ചാലിയം, ഓമശ്ശേരി(കോഴിക്കോട്), സുൽത്താൻ ബത്തേരി(വയനാട്), തലശ്ശേരി, കണ്ണൂർ (കണ്ണൂർ), തൃക്കരിപ്പൂർ(കാസർകോഡ്) തുടങ്ങിയ സ്ഥലങ്ങളിലാണ് ടീൻസ് മീറ്റുകൾ നടന്നത്.

വി.പി ബഷീർ, പി.വി റഹ്മാബി, മുജീബുദ്ദീൻ അഫ്സൽ, സ്വദ്റുദ്ദീൻ, സ്വഫിയ ടീച്ചർ, റഹീമ ടീച്ചർ, ഹലീമ ബീവി, യു. ഷൈജു, എസ്. ഇർഷാദ്, ബഷീർ ഫാറൂഖി, നജ്മി ടീച്ചർ, യൂസുഫ് ഉമരി, എം.കെ ജമാലുദ്ദീൻ, പ്രഫ. ഇസ്മാഈൽ, സീനത്ത് ബാനു, വി.കെ സുബൈദ, കെ.ടി സൂപ്പി, കെ.കെ റഹീന, ഡോ. അശോകൻ, ഡോ. ബീന, എ.എസ് നൂറുദ്ദീൻ, അബ്ബാസലി പത്തപ്പിരിയം, ശബീന ശർഖി, അബൂബക്കർ, സി.എ മൊയ്തീൻ കുഞ്ഞി തുടങ്ങിയവർ വിവിധ സ്ഥലങ്ങളിൽ പങ്കെടുത്തു. ■